# മുഖവുര

മലയാളഭാഷ, സാഹിത്യം, സംസ്കാരം എന്നിവയുടെ ഗവേഷണലോകത്തിന് പുതുവഴികൾ തെളിക്കുന്നതാണ് **ഇന്ത്യൻ ജേണൽ ഓഫ് മലയാളം ലാംഗ്വേജ് റിസർച്ച് സ്റ്റഡീസ് (IJMLRS)**–ന്റെ ഈ പുതിയ പതിപ്പ്. സാഹിത്യത്തിലെ പ്രവണതകളും വിമർശനദിശകളും, സാമൂഹ്യ-സാംസ്കാരിക പ്രശ്നങ്ങളും, പരിസ്ഥിതി ചിന്തകളും, കലാരൂപങ്ങളുടെ പ്രസക്തിയും, വിവർത്തനങ്ങളിലൂടെ മലയാളം ലോകസാഹിത്യവുമായി പുലർത്തുന്ന ബന്ധവും ഉൾപ്പെടുത്തി തയ്യാറാക്കിയ ഗവേഷണങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

നവമാധ്യമങ്ങളുടെ വിപുലീകരണം മലയാള സാഹിത്യത്തിന്റെ സൃഷ്ടി, പ്രചാരം, വായന രീതികൾ എന്നിവയിൽ വരുത്തിയ മാറ്റങ്ങളെ വിശകലനം ചെയ്യുന്ന പഠനം ഡിജിറ്റൽ യുഗത്തിലെ സാഹിത്യത്തിന്റെ ഭാവി ചർച്ച ചെയ്യുന്നു. കഥാസാഹിത്യത്തിലെ സ്ത്രീ പ്രതിനിധാനം സംബന്ധിച്ച പഠനം മലയാള കഥകളുടെ സാമൂഹികവും സാഹിത്യവുമായ പരിവർത്തനങ്ങളെ പ്രതിപാദിക്കുന്നു. വയനാട് വന്യജീവി സങ്കേതത്തിലെ മനുഷ്യ-വന്യജീവി സംഘർഷത്തെക്കുറിച്ചുള്ള ഗവേഷണം പരിസ്ഥിതി-സാമൂഹിക ചോദ്യങ്ങളെ ആഴത്തിൽ തെളിച്ചുകാട്ടുന്നു.

കേരളത്തിലെ പരമ്പരാഗത കലാരൂപങ്ങളുടെ സമകാലിക പ്രസക്തിയെ കുറിച്ചുള്ള ഗവേഷണം നമ്മുടെ സാംസ്കാരിക ഐഡന്റിറ്റിയെ സംരക്ഷിക്കുന്നതിന് കലയുടെ പങ്ക് വ്യക്തമാക്കുന്നു. അതോടൊപ്പം, ലോകസാഹിത്യത്തിലെ മഹത്തായ കൃതികളുടെ മലയാളത്തിലേക്കുള്ള പരിഭാഷയും സ്വീകരണവും സംബന്ധിച്ച പഠനം മലയാള സാഹിത്യത്തിൻറെ ആഗോളവൽക്കരണവും പുതുവഴികളും തുറന്നുകാട്ടുന്നു.

ഈ പതിപ്പിലെ ഓരോ പ്രബന്ധവും മലയാള ഗവേഷണലോകത്തിന് വിലപ്പെട്ട സംഭാവനകളാണ്.ഗവേഷകരുടെയും വായനക്കാരുടെയും വിജ്ഞാനാന്വേഷണത്തിനും സംവാദത്തിനും ഈ ലേഖനങ്ങൾ പുതിയ ഊർജ്ജം നൽകുമെന്ന ഞങ്ങൾ വിശ്വസിക്കുന്നു.

Dr. Radhakrishnan Chembra
Chief Editor

CONTENTS


| SL. NO | TITLE | AUTHOR | PAGE NO |
|---|---|---|---|
| 1 | നവമാധ്യമങ്ങളിൽ മലയാള സാഹിത്യത്തിന്റെ പ്രചാരം: ഡിജിറ്റൽ യുഗത്തിലെ സാഹിത്യിക പരിവർത്തനം | Jesna T | 48 – 53 |
| 2 | കേരളീയ കഥാസാഹിത്യത്തിൽ സ്ത്രീ പ്രതിനിധാനം: ഒരു വിമർശനാത്മക വിശകലനം | Gayathri J | 54 - 59 |
| 3 | വയനാട് വന്യജീവി സങ്കേതത്തിലെ മനുഷ്യ-വന്യജീവി സംഘർഷം: ഒരു സമഗ്ര പഠനം | Mohanan Karuthaveetil | 60 - 68 |
| 4 | കേരളത്തിലെ പരമ്പരാഗത കലാരൂപങ്ങളുടെ സമകാലിക പ്രസക്തി | Praseetha K | 69 - 74 |
| 5 | വിശ്വസാഹിത്യത്തിന്റെ മലയാളത്തിലേക്കുള്ള പരിഭാഷയും സ്വീകരണവും: വിക്ടർ ഹ്യൂഗോയുടെ ലെസ് മിസറബിൾസ്, ഗാർസിയ മാർക്വേസിന്റെ വൺ ഹണ്ട്രഡ് ഇയേഴ്സ് ഓഫ് സോളിറ്റ്യൂഡ് എന്നിവയുടെ സ്വാധീനത്തെക്കുറിച്ചുള്ള പഠനം | Manoj Manoharan | 75 - 79 |